

# മരിയൻ വോയ്സ്

പാരിഷ് ബുള്ളറ്റിൻ


മെയ് 2023

പുസ്തകം : 15, ലക്കം : 5



St.Marys Church, Ponganamkad

Ph : 0487 2695667, Mob : 91883 95667

sponganamkad@gmail.com

www.st-maryschurch.com

marianvoiceponganamkad@gmail.com


## പത്രാധിപ സമിതി


ചീഫ് എഡിറ്റർ:

**റവ.ഫാ.ജോബി ചുള്ളിക്കാടൻ**

Mob: 95443 56449

എക്സി. എഡിറ്റർ

**ജിജോ മഞ്ഞളി** Mob: 9495132037

അഡ്വർട്ടൈസ്മെന്റ്

**റിനോയ് ജോണി** Mob: 9846342782

സെക്രട്ടറി

**ജീസ് എസ്. പനക്കൽ** Mob: 9567690264

ട്രഷറർ

**ഫെയ്സൺ പുലിക്കോട്ടിൽ** Mob : 9387979889

എഡിറ്റോറിയൽ ബോർഡ്

**സി.തെരേസ** Ph: 0487-2695075

**സിൻസൺ ജോൺ** Mob : 8943336888

**ഹാപ്പി ആനിക്കൽ** Mob : 9387046502

**ആൻജോ ജോളി** Mob: 9895610916

**ജോണി മാറോക്കി** Mob: 9495225563

**ലിൻസി ആട്ടോക്കാരൻ** Mob : 9495713471

**രാജു എം. മണ്ണൂർ** Mob : 9539545791

**ജോഷി ചെറുമഠം** Mob : 9495876863

**പള്ളി കപ്യാർ (ഷാജു)** Mob : 9544121708


## ഇതളുകൾ വിടരുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയ സന്ദേശം | 3 |
| ഓർമ്മിക്കാൻ ആചരിക്കാൻ | 5 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 6 |
| നവസൂനങ്ങൾ | 6 |
| സ്വർഗ്ഗീയ താരങ്ങൾ | 6 |
| കേന്ദ്രസമിതി റിപ്പോർട്ട് | 7 |
| കുടുംബസമ്മേളനങ്ങളുടെ സമയക്രമം | 8 |
| വിശ്വാസപരിശീലന വാർത്തകൾ | 10 |
| മീറ്റിംഗുകൾ | 11 |
| നവമിഥുനങ്ങൾ | 11 |
| വിശുദ്ധരിലൂടെ | 12 |
| മെയ് മാസം – വണക്കമാസം | 15 |
| സംഘടനാ വാർത്തകൾ | 17 |
| സമർപ്പിതരിലൂടെ | 18 |
| കൊച്ചുവർത്തമാനം | 20 |
| ഇടവക വാർത്തകൾ | 21 |
| ബൈബിൾ ക്വിസ് | 26 |
| ബൈബിൾ വിജയികൾ | 27 |
| ബൈബിൾ കലണ്ടർ | 28 |




## Church Office Time

7.15 a.m. to 8.00 a.m.
9.30 a.m. to 12.30 p.m.
3.00 p.m. to 5.30 p.m.
7.30 p.m. to 8.30 p.m.

## വിശുദ്ധ കുർബാന സമയങ്ങൾ

**ഞായർ**

6.15 AM, 9.30 AM, 5.30 PM

**തിങ്കൾ മുതൽ ശനി വരെ**

6.30 AM വി. കുർബാന

# എഡിറ്റോറിയൽ



ജിജോ മഞ്ഞളി

ഈസ്റ്റർ ശനിയാഴ്ച മാർക്കറ്റിലൂടെ നടക്കുമ്പോഴാണ് ഇടവകയിൽ നോയ്മ്പ് കാലത്ത് നിത്യവും കുർബാനയ്ക്കു വന്നിരുന്ന ഒരാൾ ഇരട്ട കുട്ടികളെ ഇരുവശങ്ങളിൽ ഒതുക്കി പിടിച്ച പോലെ രണ്ടു വലിയ കുപ്പികളുമായി ബീവറേജിൽ നിന്നിറങ്ങി വരുന്നത് കണ്ടത്. 'ഈസ്റ്ററല്ലേ മാഷേ, അമ്പതു ദിവസം പിടിച്ചു നിന്നില്ലേ ? ഞാനും ഈശോയും നാളെ ഒന്നിച്ചുയർക്കും' ഞാൻ ഒന്നും ചോദിക്കുന്നതിനു മുമ്പ് തന്നെ അദ്ദേഹം പറഞ്ഞു. എന്തെങ്കിലും പറയാൻ തുടങ്ങുന്നതിനു ഇടയിൽ കയറി അയാൾ തുടർന്നു ...

'മാഷേ, സാമൂഹ്യ സുരക്ഷാ പെൻഷൻ കിട്ടിയിട്ട് രണ്ടു മാസായി, ഖജനാവിൽ കാശില്ലത്രെ, എന്റെ പെൻഷന് ഞാൻ കൂടി അദ്ധ്വാനിച്ചതാ അരയിൽ ഇരിക്കുന്നേ'... കുലുങ്ങി ചിരിച്ചു കൊണ്ട് അയാൾ കടന്നുപോയി.

കല്ലറ പൊട്ടിച്ച് ഈശോ ഉയിർക്കുമ്പോൾ കുപ്പി പൊട്ടിച്ചാണ് പല ക്രിസ്ത്യാനികളും ഉയിർക്കുന്നത്. വേണ്ടതു വയ്ക്കാനും, വേണ്ടാത്തതിനെ വേലിക്കപ്പുറത്ത് നിർത്താനും മലയാളികൾക്ക് നന്നായറിയാം. അമ്പതു നാൾ പിടിച്ചു നിന്നവരുടെ പിടിവിട്ടു പോകുന്നത് പിടിപ്പുകേടല്ല, പിടിവാശിയാണ്. നോയമ്പ് ദിവസങ്ങളിൽ കൃത്യമായി കുർബാനയിൽ പങ്കെടുത്തിരുന്നവർ പിറ്റെദിനം തൊട്ട് കാണാതാവുന്നതും എന്തുകൊണ്ടാവാം? അസൗകര്യങ്ങളുടെ ആവലാതികൾ തിരിച്ച് പറയുന്നവരോട് ചോദിക്കാനുള്ളത് ഒന്നു മാത്രമാണ്. നോമ്പിന്റെ രണ്ടു മാസത്തിൽ താഴെയുള്ള എല്ലാ പുലരികളിലും നിങ്ങളെങ്ങിനെയാണ് ബലിക്കെത്തിയത്? ഒന്നുറപ്പുണ്ട് 'ആശ വന്നാൽ ആശയവും വരും'.

ഓർക്കുക,...ഒരു കുപ്പി പൊട്ടുമ്പോഴും, ഒരു വി. കുർബാന നഷ്ടപ്പെടുത്തുമ്പോഴും സ്വയം നശിക്കുന്നു, സ്വകുടുംബം നശിക്കുന്നു, വരും തലമുറ കൂടി നശിപ്പിക്കപ്പെടുന്നു. മാറ്റം വരുത്തേണ്ടതും മാറി നടക്കേണ്ടതും എന്റെയും നിങ്ങളുടെയും ബാധ്യതയാണ്. ഈശോയും, കുടുംബവും നമ്മുടെ സിരകളിൽ വീര്യമുള്ള ലഹരിയാകുമ്പോൾ മറ്റു ക്ഷണിക സുഖങ്ങൾ നമ്മുക്കെന്തിനാണേ ?



# ഇടയശബ്ദം



ഫാ. ജോബി ചുള്ളിക്കാടൻ



മെയ് മാസം മാതാവിന്റെ വണക്കമാസ പ്രാർത്ഥനകൾ വീടുകളിൽ ചൊല്ലുന്ന മാസമാണ്. മാസത്തിന്റെ അവസാനത്തിൽ വണക്കമാസം 'കാലം കൂടൽ' വലിയ ആർഭാടമാക്കാതെ എന്നാൽ ഒട്ടും അതിന്റെ ആത്മീയത കുറയാതെ വീടുകളിൽ നടത്തി വരുന്ന ഒരു പാരമ്പര്യം നമ്മുടെ കുടുംബ ങ്ങളിൽ ഉണ്ട്. ഇപ്പോഴും പല വീടുകളിലും അത് നടക്കുന്നുണ്ട്. അന്യം നിന്ന് പോകുന്ന ഭക്താഭ്യാസങ്ങളെ പുതിയ തലമുറക്ക് പരിചയപ്പെടുത്തി കൊടുക്കേണ്ട ചുമതല ഇപ്പോഴുള്ള നമുക്ക് എല്ലാവർക്കുമുണ്ട്. അതുവഴി യായി മാതാവിനോട് കൂടുതൽ ഭക്തിയുള്ളവരാകാൻ ഓരോ മക്കൾക്കും സാധിക്കണം. പരിശുദ്ധ മാതാവിനെ വണങ്ങുന്നതുവഴി നാം അറിയാതെ അവിടുത്തെ പുത്രനായ യേശുവിനെ ബഹുമാനിക്കുകയും ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്. കാരണം പരിശുദ്ധ കന്യകമറിയം എപ്പോഴും ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങി ജീവിച്ചവളാണ്. തന്നെ ക്കാൾ കൂടുതൽ തന്റെ പ്രിയപുത്രൻ അറിയപ്പെടണം എന്ന് അമ്മക്ക് ആഗ്ര ഹമുണ്ടായിരുന്നു. കാനായിലെ കല്ല്യാണവിരുന്നിലെ ഒരു സംഭവം മാത്രം മതി അത് മനസ്സിലാക്കാൻ. അമ്മ പറഞ്ഞു:- "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" പുത്രൻ ചെയ്യുന്നതും പറയുന്നതും ദൈവപിതാവിന്റെ ഇഷ്ട മാണെന്ന് എല്ലാവരെയുംകാൾ കൂടുതൽ അറിയുന്നത് ആ അമ്മക്കാണല്ലോ. അതുകൊണ്ട് പരിശുദ്ധ അമ്മയെ സ്നേഹിക്കുന്നതുകൊണ്ടും വണങ്ങുന്ന



തുകൊണ്ടും ഈശോക്കും അവിടുത്തെ പിതാവിനും ഇഷ്ടം തന്നെയാണ്. ലോകം കണ്ടതിൽ വച്ച് ഏറ്റവും നല്ല മാതാവ്, 'അമ്മ' പരിശുദ്ധ കന്യകമറിയമാണ്. എല്ലായ്പ്പോഴും കന്യകമറിയത്തെ വിശേഷണങ്ങൾ ചേർത്താണ് നമ്മൾ അഭിസംബോധന ചെയ്യുന്നത്. ലുത്തിനിയ മുഴുവൻ അതാണല്ലോ, നമുക്ക് കാണിച്ച് തരുന്നത്. ആ നല്ല മാതാവിന്റെ നല്ല മക്കളായി തീരുവാൻ എന്നും എപ്പോഴും നമുക്ക് ആഗ്രഹിക്കാം പ്രാർത്ഥിക്കാം. നമ്മുടെ ജീവിതത്തിന്റെ ഏത് പ്രതിസന്ധികളിലും ആ നല്ല അമ്മയുടെ നാമം നമുക്ക് വിളിച്ച് അപേക്ഷിക്കാം. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവളാണ് ആ അമ്മ. അമ്മയുടെ ചാരെ ഇരുന്ന് ഈ മാസം മുഴുവനും, അല്ല, ഈ ജീവിതകാലം മുഴുവനും മുട്ടിപ്പായി പ്രാർത്ഥിക്കാം. അമ്മയുടെ പുത്രന് അനുയോജ്യരായ മക്കളായി ഞങ്ങളെ വളർത്തണമേയെന്ന്.

മെയ് ഒന്നാം തിയ്യതി തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേഫ് പിതാവിന്റെ തിരുനാളും നാം ആഘോഷിക്കുന്നുണ്ട്. അതുപോലെ നമ്മുടെ ഇടവകയിലെ കുഞ്ഞുങ്ങൾ ഈശോയെ ആഘോഷമായി ജീവിതത്തിലേക്ക് സ്വീകരിക്കുന്നുണ്ട്. ഏതാനും പേർ തൈലാഭിഷേകം (സ്ഥൈര്യലേപനം) എന്ന കൂദാശയിലൂടെ ഈശോയുടെ പടയാളികളായി തീരുന്നുണ്ട്. എല്ലാ പ്രാർത്ഥനാശംസകളും അവർക്ക് നേരുന്നു. ഈശോയെ സ്നേഹിക്കുന്നവരും, ഈശോയെ വഹിക്കുന്നവരും, ഈശോയെ അനുഭവിക്കുന്നവരും, പങ്ക്‌വെയ്ക്കുന്നവരുമാകട്ടെ അവർ. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേഫ് പിതാവിന്റെയും മാദ്ധ്യസ്ഥം ധാരാളമായി എല്ലാവർക്കും ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

ഒത്തിരി സ്നേഹത്തോടെ,

**ജോബിയച്ചൻ**



ഏപ്രിൽ മരിയൻ വോയ്സ്

ബൈബിൾ ക്വിസ് വിജയി

**വിമല ജോണി**

സെ. പീറ്റർ യൂണിറ്റ് പൊങ്ങണംകാട്

അഭിനന്ദനങ്ങൾ

# ഓർമ്മിക്കാൻ ആചരിക്കാൻ

## മെയ് - 2023

01 തിങ്കൾ - തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്
ലോക തൊഴിലാളി ദിനം. പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസം ആരംഭം.

02 ചൊവ്വ - വി. അത്തനേഷ്യസ്

03 ബുധൻ - വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ

06 ശനി - വി. ഡൊമിനിക് സാവിയോ
സെ. ഡൊമിനിക് കുടുംബ കൂട്ടായ്മ അംഗങ്ങൾക്ക് തിരുനാൾ മംഗളങ്ങൾ.

07 ഞായർ - ഉയിർപ്പ് അഞ്ചാം ഞായർ
മാർ അദ്ദായി

13 ശനി - വി. മത്തിയാസ് ശ്ലീഹ

14 ഞായർ - ഉയിർപ്പ് ആറാം ഞായർ

15 തിങ്കൾ - വിളവുകളുടെ സംരക്ഷകയായ പരിശുദ്ധ കന്യകമറിയം

18 വ്യാഴം - നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം

21 ഞായർ - ഉയിർപ്പ് ഏഴാം ഞായർ

28 ഞായർ - ശ്ലീഹ ഒന്നാം ഞായർ
പന്തക്കുസ്ത തിരുനാൾ ഇന്നു മുതൽ ത്രികാല ജപം കർത്താവിന്റെ മാലാഖ.

31 ബുധൻ - പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം.
വണക്കമാസം കാലംകൂടൽ


## ആദ്യ കുർബ്ബാന സ്വീകരണം

മെയ് 7 ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബ്ബാന
32 കുട്ടികളുടെ ആദ്യ കുർബ്ബാന സ്വീകരണം
ആദ്യകുർബ്ബാന സ്വീകരണത്തിന്റെ ഗ്രൂപ്പ് ഫോട്ടോ
മരിയൻ വോയ്സിൽ പരസ്യം നൽകാൻ വിളിക്കുക

**ഫോൺ : 9846342782**




# പ്രതിനിധിയോഗ തീരുമാനങ്ങൾ

16/4/2023 ഏപ്രിൽ മാസത്തെ പ്രതിനിധി യോഗം ബഹുമാനപ്പെട്ട വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. നമ്മുടെ ഇടവകയിലേക്ക് സേവനത്തിനായി വന്ന ഡീക്കൻ ക്രിസ്റ്റോ തേയ്ക്കാനത്തിനെ യോഗം സ്വാഗതം ആശംസിച്ചു. പെസഹാവ്യാഴം. ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് സഹകരിച്ച കെ.സി.വൈ.എം., സി.എൽ.സി. യൂത്തിനെ വികാരിയച്ചൻ അഭിനന്ദിച്ചു. പൊതുവായ മാമ്മോദീസ മാസത്തെ ആദ്യ ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്താമെന്ന് യോഗത്തിൽ വികാരിയച്ചൻ അറിയിച്ചു.

**നീന ജിതേഷ്** (സെക്രട്ടറി)

**Poor Family Monthly Pension Scheme 2022**
**വരവ് ചിലവ് കണക്കുകൾ : March 2023**

| Date | Item | Payment | Receipt |
|---|---|---|---|
| 01-03-2023 | SB(ESAF) -നീക്കിയിരിപ്പ് | | 167414.29 |
| 27-03-2023 | പെൻഷൻ വിതരണം | 39000.00 | |
| 31-03-2023 | സ്പോൺസർമാരിൽ നിന്നും വരവ് | | 12000.00 |
| 31-03-2023 | SB Interest | | 559.00 |
| 31-03-2023 | Bank Charges | 3.90 | |
| 31-03-2023 | SB(ESAF) -നീക്കിയിരിപ്പ് | 139969.39 | |
| 31-03-2023 | Cash in hand | 1000.00 | |
| **ആകെ** | | **179973.29** | **179973.29** |



## നവ സൂനങ്ങൾ

1. കൊച്ചാത്തിപ്പറമ്പിൽ ജോമോൻ + ലിജി മകൻ ആറിക് (12-04-2023)

---



## സ്വർഗ്ഗീയ താരങ്ങൾ

1. ചൂണ്ടൽ തോമസ് മകൻ വറീത് (87) (01-04-2023)



# കേന്ദ്രസമിതി റിപ്പോർട്ട്

02-04-2023നു ചേർന്ന കേന്ദ്രസമിതിയിൽ ചർച്ച ചെയ്ത കാര്യങ്ങൾ, തീരുമാനങ്ങൾ.

പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പുതിയതായി വന്ന ഡീക്കൻ ക്രിസ്റ്റോ തെയ്ക്കാനത്തിന് കൺവീനർ സ്വാഗതം പറഞ്ഞു.

വലിയ ആഴ്ചയിൽ എല്ലാവരും പള്ളിയിൽ വരണമെന്നും നോമ്പു കാല ചെപ്പ് വീട് വെഞ്ചിരിപ്പിന് വരുമ്പോൾ ശേഖരിക്കും എന്നും അച്ചൻ അറിയിച്ചു.

ശതാംശം 60% കേന്ദ്രസമിതിക്കും 40% യൂണിറ്റിനും ആണെന്ന് ഓർമ്മ പ്പെടുത്തി ശതാംശം യൂണിറ്റിൽ ഭവനങ്ങളിൽ നിന്നും, രസീതി വെച്ച് വാങ്ങു വാൻ തീരുമാനിച്ചത് അനുസരിച്ച് രശീതി ബുക്ക് വിതരണം ചെയ്തു.

ശതാംശം നിർബന്ധപിരിവ് അല്ല എന്നും ഓർമ്മപ്പെടുത്തി.

യൂണിറ്റ് അംഗങ്ങളുടെ ലിസ്റ്റ് തരാത്തവർ എത്രയും പെട്ടെന്ന് തരണ മെന്നും അച്ചൻ ഓർമ്മപ്പെടുത്തി.

ദുഃഖവെള്ളിയാഴ്ച പരിഹാരപ്രദക്ഷിണത്തിന് സ്ഥലങ്ങളിൽ കുരിശ് വയ്ക്കാൻ യൂണിറ്റുകാരും സഹകരിക്കണം എന്നും കൺവീനർ അറിയിച്ചു.

കുടുംബകൂട്ടായ്മ പുതിയ സമയക്രമം അനുസരിച്ച് കൂടുവാൻ അച്ചൻ നിർദ്ദേശിച്ചു.

യൂണിറ്റിലെ ആരെങ്കിലും മരണപ്പെട്ടാൽ മരണാനന്തരചടങ്ങിൽ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കണമെന്നും, സംസ്കാര സമയത്ത് ബൊക്കെ നൽകേണ്ടത് യൂണിറ്റ് ഭാരവാഹികൾ ആരെങ്കിലും ആവണം എന്ന് അച്ചൻ നിർദ്ദേശിച്ചു. മോരുവെള്ളം നൽകാൻ കേന്ദ്രസമിതിയോടൊപ്പം കെ.എൽ. എം. സംഘടനയെയും ചുമതലപ്പെടുത്തി.

പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ജീസ് എസ്. പനയ്ക്കൽ (സെക്രട്ടറി)**

# സ്പോൺസർ ചെയ്യാമോ ?

പള്ളിയകത്തേക്ക് ഏതാനും ബെഞ്ചുകൾ ആവശ്യമുണ്ട്.

1 ബെഞ്ചിന് 8000 രൂപയോളം ആകും. സ്പോൺസർ ചെയ്യാൻ താല്പ ര്യമുള്ളവർ കൈക്കാരന്മാരുമായി ബന്ധപ്പെടുക.

**ഫോൺ : 9400321831**



# കുടുംബ കൂട്ടായ്മകൾ

| | | |
|---|---|---|
| **01–05–2023 ഒന്നാം തിങ്കൾ** | | |
| 6.30 p.m. | സെ. മേരീസ് യൂണിറ്റ് | വടക്കേത്തല ലാൻസ് |
| **02–05–2023 ഒന്നാം ചൊവ്വ** | | |
| 7.00 p.m. | സെ. ഫ്രാൻസീസ് യൂണിറ്റ് | പുലിക്കോടൻ ആന്റണി രാജു |
| **03–05–2023 ഒന്നാം ബുധൻ** | | |
| 6.30 p.m. | സെ. തെരേസ യൂണിറ്റ് | തെക്കത്ത് ജിപ്സൻ |
| **14–05–2023 രണ്ടാം ഞായർ (എലിസബത്ത് സിസ്റ്റേഴ്സ്)** | | |
| 2.30 p.m. | സെ. ലൂക്ക് യൂണിറ്റ് | ചൂണ്ടൽ ആന്റോ ലിജിൻ |
| 3.00 p.m. | സെ. ക്ലാര യൂണിറ്റ് | പേരാമംഗലം ആലീസ് യോഹന്നാൻ |
| 3.30 p.m. | സെ. അൽഫോൻസ യൂണിറ്റ് | ബ്രഹ്മകുളം ദാസ് |
| 4.00 p.m. | സെ. സെബാസ്റ്റ്യൻ യൂണിറ്റ് | ആട്ടോക്കാരൻ മേരി വർഗ്ഗീസ് |
| 4.30 p.m. | സെ. ജോർജ്ജ് യൂണിറ്റ് | ചിറയത്ത് ജോയ് |
| 5.00 p.m. | സെ. പീറ്റർ യൂണിറ്റ് | തൈക്കാടൻ അന്തോണി ആന്റണി |
| **14–05–2023 മൂന്നാം ഞായർ (മേഴ്സി സിസ്റ്റേഴ്സ്)** | | |
| 3.00 p.m. | സെ. ബെനഡിക്ട് യൂണിറ്റ് | തേയ്ക്കാനത്ത് ജേക്കബ്ബ് റീത്ത |
| 3.30 p.m. | സേക്രഡ് ഹാർട്ട് യൂണിറ്റ് | വാർഷികം |
| 4.00 p.m. | സെ. മാത്യൂസ് യൂണിറ്റ് | മൊയലൻ ഔസേപ്പ് ജെയിംസ് |
| 4.30 p.m. | സെ. ജോസഫ് യൂണിറ്റ് | കാരക്കാട്ട് പയസ് |
| 5.00 p.m. | സെ. മർത്ത യൂണിറ്റ് | പല്ലൻ ഡേവിസ് |
| **21–05–2023 മൂന്നാം ഞായർ (എലിസബത്ത് സിസ്റ്റേഴ്സ്)** | | |
| 2.30 p.m. | സെ. റീത്ത യൂണിറ്റ് | കേലംപറമ്പിൽ രാജു |
| 3.00 p.m. | സെ. റോസ യൂണിറ്റ് | കൂരൻ കല്ലൂക്കാരൻ ഫ്രാൻസിസ് പ്രമേഷ് |
| 3.30 p.m. | സെ. ഡൊമിനിക് യൂണിറ്റ് | ശൗര്യാമാക്കൽ തങ്കച്ചൻ |
| 4.00 p.m. | സെ. ലോറൻസ് യൂണിറ്റ് | കളത്തിപറമ്പിൽ ജോസ് |
| 4.30 p.m. | സെ. റാഫേൽ യൂണിറ്റ് | കരിമ്പനയ്ക്കൽ പാപ്പച്ചൻ |
| 5.00 p.m. | സെ. ജോൺ യൂണിറ്റ് | മാരിപ്പുറത്ത് വിൽസൻ ജോസഫ് |
| **28–05–2023 നാലാം ഞായർ (മേഴ്സി സിസ്റ്റേഴ്സ്)** | | |
| 2.30 p.m. | സെ. ആന്റണി യൂണിറ്റ് | പറപ്പിള്ളി ജെയിംസ് ജോണി |
| 3.00 p.m. | സെ. തോമാസ് യൂണിറ്റ് | മഞ്ഞില പൗലോസ് |
| 3.30 p.m. | സെ. സേവ്യർ യൂണിറ്റ് | മാളിയേക്കൽ റപ്പായി ലോനപ്പൻ |
| 4.00 p.m. | സെ. അഗസ്റ്റിൻ യൂണിറ്റ് | മണ്ണൂക്കാടൻ സേവ്യർ |
| 4.30 p.m. | സെ. പോൾ യൂണിറ്റ് | ചൂണ്ടൽ ഷാജു |



# ശതാംശം (കുടുംബകൂട്ടായ്മ) വരവ്
## ഏപ്രിൽ 2023

| നം. | യൂണിറ്റ് | വീടുകൾ | കേന്ദ്രസമിതി യിലേക്ക് | യൂണിറ്റി ലേക്ക് | ആകെ | വീടോഹരി ശരാശരി |
|---|---|---|---|---|---|---|
| 1. | സെ. റീത്ത | 28 | 150.00 | 100.00 | 250.00 | 8.92 |
| 2. | സെ. റോസ് | 18 | 84.00 | 56.00 | 140.00 | 7.77 |
| 3. | സെ. ഫ്രാൻസീസ് | 41 | 1290 | 860 | 2150 | 52.43 |
| 4. | സെ. ജോൺ | 20 | 300 | 200 | 500 | 25.00 |
| 5. | സെ. ലോറൻസ് | 38 | 800 | 533 | 1333 | 35.07 |
| 6. | സെ. ജോർജ്ജ് | 32 | 168 | 112 | 280 | 8.75 |
| 7. | സെ. പീറ്റർ | 22 | 102.00 | 68.00 | 170.00 | 7.72 |
| 8. | സെ. തെരേസ | 24 | 260.00 | 173.00 | 433.00 | 18.04 |
| 9. | സെ. മേരീസ് | 27 | 228.00 | 152.00 | 380.00 | 13.10 |
| 10. | സേക്രഡ് ഹാർട്ട് | 32 | 438.00 | 292.00 | 724.00 | 22.62 |
| 11. | സെ. ആന്റണി | 17 | 180.00 | 120 | 300 | 17.64 |
| 12. | സെ. തോമസ് | 32 | 120.00 | 80.00 | 200.00 | 6.24 |
| | | | | | | |

വീടോഹരി ശരാശരിയിൽ ഏപ്രിൽ മാസത്തിൽ മുന്നിലെത്തിയ സെ. ജോൺ യൂണിറ്റിന് അഭിനന്ദനങ്ങൾ

## വണക്കമാസാചരണം എന്ത് ?

ഒരു മാസം മുഴുവൻ ധ്യാനിക്കാനും, കൂടുതലായി പ്രാർത്ഥിക്കുവാനും സൽകൃത്യങ്ങൾ ചെയ്യാനും വേണ്ടി നീക്കി വെയ്ക്കുന്ന പതിവ് കേരള കത്തോലിക്കരുടെ ഇടയിൽ ഉണ്ട്. അതുകൊണ്ടാണ് ഈ ഭക്തിക്ക് വണക്കമാസം എന്ന പേരു തന്നെ ഉണ്ടായത്. മെയ്മാസം മാതാവിന്റെയും, മാർച്ചുമാസം വി. യൗസേപ്പിതാവിന്റെയും, ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന്റെയും വണക്കത്തിനായി മാറ്റി വെച്ചിരിക്കുന്നു. പ്രസ്തുത മാസത്തിലെ ഓരോ ദിവസവും ധ്യാനാത്മകമായ വായന പ്രത്യേക പ്രാർത്ഥന, സത്കൃത്യങ്ങൾ ചെയ്യൽ എന്നിവ വഴി വണക്കമാസ ഭക്തി പ്രകടിപ്പിക്കുന്നു.



# വിശ്വാസ പരിശീലന വാർത്തകൾ

**2023-24 : കാറ്റിക്കിസം ടെക്സ്റ്റ് പുസ്തകങ്ങളുടെ വില**

| | | | | | | | |
|---|---|---|---|---|---|---|---|
| മലയാളം പുസ്തകങ്ങൾ | ക്ലാസ്സ് | നഴ്സറി | I,II,III | IV | V,VI,VII, VIII,IX,X,XI | XII | ACC |
| | ടെക്സ്റ്റ് ബുക്ക് | 10 | 25 | 25 | 30 | 30 | 150 |
| | ബൈബിൾ സ്റ്റഡി | ഇല്ല | 10 | 10 | 10 | 10 | |
| | ഉപപാഠപുസ്തകം | ഇല്ല | ഇല്ല | 10 | 10 | 10+10 | 30 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ENGLISH BOOKS | CLASS | Nursery | I,II,III | IV | V,VI | VII,VIII,IX, X,XI | XII | ACC |
| | Text Book | Not available | 35 | 35 | 40 | 40 | 40 | 350 |
| | Bible study | Not Applicable | Not available | | | | | |
| | Non detailed Text | Not Applicable | Not Applicable | 10 | 10 | 15 | 15+15 | Not available |

**ശ്രദ്ധിക്കുക** -: പുതിയ പുസ്തകങ്ങൾ ആവശ്യമുള്ളവർ മേയ് 21, മേയ് 28 , ജൂൺ 4 എന്നീ ഞായറാഴ്ചകളിൽ രണ്ടാമത്തെ ദിവ്യബലിക്ക് ശേഷം വിശ്വാസ പരിശീലന ഓഫീസിൽ വന്ന് പണം നൽകി ഓർഡർ ചെയ്യേണ്ടതാണ്. അതിനുശേഷം, പുതിയ പുസ്തകങ്ങളുടെ ഓർഡർ സ്വീകരിക്കുന്നതല്ല.

**സിജി ജോസ് സി. (സെക്രട്ടറി)**

## "സമാധാനവും സൗഭാഗ്യവും"

**സെ. മേരീസ് ചർച്ച്, പൊങ്ങണംകാട്**

**ഫ്രാൻസിസ്കൻ അത്മായ സഭ**

**സുവർണ്ണ ജൂബിലി**

# "സമർപ്പിത സംഗമം"

27-05-2023 ശനിയാഴ്ച

രാവിലെ 9.30ന് ദിവ്യബലി, പൊതുയോഗം, സ്നേഹവിരുന്ന്
ഇടവകയിലെ വൈദികർ, ഇടവകയിൽ സേവനം ചെയ്ത വൈദികർ, ഇടവകയിലെ സിസ്റ്റേഴ്സ് എന്നിവർ പങ്കെടുക്കുന്നു.

***എല്ലാവർക്കും സ്വാഗതം***

## പാരിഷ് ന്യൂസ് പൊങ്ങണംകാട്

**സെന്റ് മേരീസ് ചർച്ച്, പൊങ്ങണംകാട് ഇടവക വാട്സ് അപ്പ് ഗ്രൂപ്പിൽ അംഗമാകാൻ 8075727668 എന്ന നമ്പറിൽ ഒരു "Hi"മെസ്സേജ് ടൈപ്പ് ചെയ്ത് അയക്കുക.**



## മീറ്റിങ്ങുകൾ

**മെയ് 2023**

| | | | |
|---|---|---|---|
| 03/05/2023 | ബുധൻ | പ്രാർത്ഥന ഗ്രൂപ്പ് | 3.00 PM |
| 04/05/2023 | വ്യാഴം | കേന്ദ്രസമിതി എക്സി. മീറ്റിംഗ് | 8.00 PM |
| 07/05/2023 | ഞായർ | കേന്ദ്രസമിതി | ഒന്നാമത്തെ കുർബാനക്ക് ശേഷം |
| 07/05/2023 | ഞായർ | മരിയൻ വോയ്സ് | രണ്ടാമത്തെ കുർബാനക്ക് ശേഷം |
| 14/05/2023 | ഞായർ | പ്രതിനിധി യോഗം | ഒന്നാമത്തെ കുർബാനക്ക് ശേഷം |
| 14/05/2023 | ഞായർ | സി. എൽ. സി. | രണ്ടാമത്തെ കുർബാനക്ക് ശേഷം |
| 14/05/2023 | ഞായർ | ഗായകസംഘം | 4.00 PM |
| 18/05/2023 | ശനി | അൾത്താര സംഘം | 5.00 PM |
| 21/05/2023 | ഞായർ | ഏകോപനസമിതി | ഒന്നാമത്തെ കുർബാനക്ക് ശേഷം |
| 21/05/2023 | ഞായർ | കെ.എൽ.എം. | രണ്ടാമത്തെ കുർബാനക്ക് ശേഷം |
| 21/05/2023 | ഞായർ | മാതൃസംഘം | 4.00 PM |
| 27/05/2023 | ശനി | ഫ്രാൻസിസ്കൻ അൽമായ സഭ | കുർബാനക്ക് ശേഷം |
| 27/05/2023 | ശനി | മദ്യവിരുദ്ധ സമിതി | 6.00 PM |
| 28/05/2023 | ഞായർ | ദർശന സഭ | ഒന്നാമത്തെ കുർബാനക്ക് ശേഷം |
| 28/05/2023 | ഞായർ | മതബോധന സ്റ്റാഫ് മീറ്റിംഗ് | രണ്ടാമത്തെ കുർബാനക്ക് ശേഷം |
| 28/05/2023 | ഞായർ | കെ.സി.വൈ.എം. മീറ്റിംഗ് | രണ്ടാമത്തെ കുർബാനക്ക് ശേഷം |
| എല്ലാ | ഞായർ | വിൻസെന്റ് ഡി പോൾ | ഒന്നാമത്തെ കുർബാനക്ക് ശേഷം |



## നവ മിഥുനങ്ങൾ



1. പൊങ്ങണംകാട് പള്ളി ഇടവക അമ്പുക്കുന്ന് ജോസഫ് ജെമിനി മകൻ ജോഫി + തുരുത്തിപറമ്പ് പള്ളി ഇടവക പതിയാപ്പറമ്പിൽ ജോസഫ് ദീപ മകൾ ജോഫിയ (20-04-2023)





വിശുദ്ധരിലൂടെ

# തൊഴിലാളിയായിരുന്ന വിശുദ്ധ യൗസേപ്പിതാവ്

ചരിത്ര രേഖകളിൽ വിശുദ്ധ യൗസേപ്പിന്റെ ജീവിതത്തെകുറിച്ച് വളരെ ചെറിയ വിവരണമേ ഉള്ളൂ, എന്നിരുന്നാലും, പരിശുദ്ധ മറിയത്തിന്റെ വിശുദ്ധിയുള്ള ഭർത്താവ്, യേശുവിന്റെ വളർത്തച്ഛൻ, ഒരു മരാശാരി, ദരിദ്രനായ ഒരു മനുഷ്യൻ തുടങ്ങിയ വിശുദ്ധനെക്കുറിച്ചുള്ള കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. അദ്ദേഹം ദാവീദിന്റെ രാജകീയ വംശത്തിൽപ്പെട്ടവനായിരുന്നുവെന്ന കാര്യവും നമുക്കറിയാം.

സമ്പത്തിനോട് ആഗ്രഹമില്ലാത്തവനായിരുന്നു വിശുദ്ധ യൌസേപ്പ് പിതാവ്. തൊഴിലിനു കൊടുക്കുന്ന കൂലി കൊണ്ട് അദ്ദേഹം തൃപ്തനായി. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് വി. യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പൈതൃക പരിലാളനയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചുകൊണ്ട് അദ്ധ്വാനപൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം അദ്ദേഹം നയിച്ചു. വിശുദ്ധ യൗസേപ്പ് ദരിദ്രനായി ജനിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ദരിദ്രരോടു പിതൃതുല്യമായ സ്നേഹമാണുള്ളത്. മനുഷ്യന്റെ പരിത്രാണ പരിപാടിയിൽ തൊഴിലിനു ശ്രദ്ധേയമായ സ്ഥാനമുണ്ട്. അത് നമ്മെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ദൈവകുമാരനും അവിടുത്തെ വളർത്തു പിതാവും ഒരു തച്ചന്റെ ജോലി ചെയ്തത്.

രക്ഷാകര പദ്ധതിയിൽ പ. കന്യകാമറിയം കഴിഞ്ഞാൽ ഈശോമിശിഹായോട് ഏറ്റവും കൂടുതൽ സഹകരിച്ച വ്യക്തി വി. യൗസേപ്പാണെന്ന കാര്യത്തിൽ തർക്കമില്ല. മനുഷ്യാവതാര കർമ്മത്തിൽ ഒരു തിരശ്ശീലയായി വർത്തിച്ചു കൊണ്ടും ഉണ്ണി മിശിഹായെ ജീവാപായത്തിൽ നിന്നും രക്ഷിച്ചും വി. യൗസേപ്പ് രക്ഷാകരകർമ്മത്തിൽ സുപ്രധാനമായ പങ്കുവഹിച്ചു. കൂടാതെ ദിവ്യകുമാരനെ സംരക്ഷിക്കുവാനും വളർത്തുവാനും വന്ദ്യപിതാവ് ഏറെ കഠിനാദ്ധ്വാനം ചെയ്തു.

രേഖകളിലുള്ള വിശുദ്ധ യൗസേപ്പിതാവിന്റെ വിവരണമനുസരിച്ച് അദ്ദേഹം ഒരു അനുകമ്പയുള്ള മനുഷ്യനും സർവ്വോപരി ദൈവേഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്നവനുമായിരിന്നു. തിരുകുടുംബത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി അദ്ദേഹം സദാ സന്നദ്ധനായിരുന്നു. യേശുവിന്റെ പരസ്യ ജീവിത കാലത്തും, മരണസമയത്തും, ഉത്ഥാനസമയത്തും വിശുദ്ധ യൗസേപ്പി താവിനെ നമുക്ക് കാണുവാൻ കഴിയുന്നില്ലെന്നതിനാൽ, യേശു തന്റെ പൊതുജീവിതം ആരംഭിക്കുന്നതിന് മുൻപ് തന്നെ യൗസേപ്പിതാവ് മരിച്ചിരിക്കാമെന്ന് നിരവധി ചരിത്രകാരന്മാർ വിശ്വസിക്കുന്നു.

നിരവധി കാര്യങ്ങളുടെ മദ്ധ്യസ്ഥ സഹായകൻ കൂടിയാണ് വിശുദ്ധ യൗസേപ്പിതാവ്. ആഗോള സഭയുടെ, മരണശയ്യയിൽ കിടക്കുന്നവരുടെ, പ്രേഷിത ദൗത്യങ്ങളുടെ, മധ്യസ്ഥനായി അദ്ദേഹത്തെ വണങ്ങുന്നു. കാലകാലങ്ങളായി മെയ് ദിനം അദ്ധ്വാനിക്കുന്നവർക്കും, പണിയെടുക്കുന്നവർക്കുമായി സമർപ്പിച്ചിരിക്കുന്നു. വിശുദ്ധ യൌസേപ്പ് പിതാവിന്റെ ഈ തിരുനാൾ തൊഴിലിന്റെ അന്തസ്സിനെ ഊന്നിപ്പറയുകയും, തൊഴിലാളി സംഘടനകൾക്ക് ഒരു ആത്മീയമായ വശം നൽകുകയും ചെയ്യുമെന്ന് പിയൂസ് പന്ത്രണ്ടാമൻ പാപ്പാ പറഞ്ഞിട്ടുണ്ട്.

യേശുവിന്റെ വളർത്തച്ഛനും, ആഗോള സഭയുടെ മാദ്ധ്യസ്ഥനുമായി തീർന്ന ഒരു തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിനെ ഈ ദിനത്തിൽ ആദരിക്കുന്നത് ഏറെ അനുഗ്രഹദായകമാണ്. ആരാധനാക്രമ സൂചികയിൽ വിശുദ്ധ യൗസേപ്പിന്റെ പേരിൽ രണ്ട് തിരുനാളുകൾ ഉണ്ട്. ഒന്നാമത്തേത്, പരിശുദ്ധ മറിയത്തിന്റെ ഭർത്താവെന്നനിലയിൽ മാർച്ച് 19 നും രണ്ടാമത്തേത് മേയ് 1ന് തൊഴിലാളിയെന്ന നിലയിലും തിരുനാൾ ആഘോഷിക്കുന്നു.

വളരെയേറെ ആത്മീയതയുള്ള ഒരു മനുഷ്യനായിരുന്നു വിശുദ്ധ യൗസേപ്പിതാവ്. അടിയുറച്ച വിശ്വാസമുള്ള ഒരു മനുഷ്യൻ, അതിന്റെ കാരണം വിശുദ്ധന്റെ സ്വന്തം വാക്കുകളല്ല മറിച്ച് ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകൾ അദ്ദേഹം ശ്രവിച്ചതു മൂലമാണ്. നിശബ്ദതയിൽ ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകളിൽ അടങ്ങിയിട്ടുള്ള സത്യത്തെ സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം സദാ സന്നദ്ധമായിരുന്നു ജോൺ പോൾ രണ്ടാമൻ പാപ്പാ യൌസേപ്പ് പിതാവിനെ അനുസ്മരിച്ച് പറഞ്ഞ വാക്കുകളാണിത്.

വിശുദ്ധകുർബ്ബാനയിലും, ആരാധനാക്രമങ്ങളിലും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനുഷ്യ അദ്ധ്വാനത്തിന്റെ പ്രാധാന്യത്തെ എടുത്ത് കാട്ടുന്ന മതപ്രബോധനങ്ങളുടെ ഒരു സമന്വയം തന്നെ കാണാവുന്നതാണ്. ആധുനിക ലോകത്തെ സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ

കൗൺസിലിന്റെ രേഖകളിലെ പ്രാരംഭ പ്രാർത്ഥനയിൽ തന്നെ, പ്രപഞ്ചത്തിന്റെ സൃഷ്ടാവും പാലകനുമായ ദൈവം, എല്ലാ പ്രായത്തിലുള്ള പുരുഷനേയും, സ്ത്രീയേയും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുവാനും മറ്റുള്ളവരുടെ ഉപകാരത്തിനായി ഉപയോഗിക്കുവാനും ആവശ്യപ്പെടുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

പ്രാരംഭ പ്രാർത്ഥനയുടെ രണ്ടാംഭാഗത്തിൽ, 'ദൈവം നമ്മോടു പറഞ്ഞ ജോലി പൂർത്തിയാക്കുമെന്നും, ദൈവം വാഗ്ദാനം ചെയ്ത പ്രതിഫലം സ്വീകരിക്കുമെന്നു പറയുന്നുണ്ട്. സക്കറിയായുടെ ലഘു സ്തോത്ര പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു, വിശുദ്ധ യൗസേപ്പ് വിശ്വസ്തതാപൂർവ്വം തന്റെ മരപ്പണി ചെയ്തു വന്നു. എല്ലാ തൊഴിലാളികൾക്കും അദ്ദേഹം ഒരു തിളങ്ങുന്ന മാതൃകയാണ്.

വിശുദ്ധ യൌസേപ്പ് പിതാവിന്റെ തിരുനാളിന് വേണ്ടിയുള്ള ആരാധനാക്രമങ്ങൾ, ജോലി ചെയ്യുവാനുള്ള അവകാശത്തെ സമർത്ഥിക്കുന്നവയാണ്.ഈ ആധുനിക സമൂഹത്തിൽ കേൾക്കേണ്ടതും, മനസ്സിലാക്കേണ്ടതുമായ ഒരു സന്ദേശമാണത്.

മാർപാപ്പാമാരായ ജോൺ പോൾ ഇരുപത്തി മൂന്നാമൻ, പോൾ ആറാമൻ, ജോൺ പോൾ രണ്ടാമൻ എന്നിവർ പുറത്തിറക്കിയ രേഖകളിലും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രേഖകളിലും, വിശുദ്ധ യൗസേപ്പിന്റെ മാതൃകയെ അവലംബിച്ച് ഒരാളുടെ തൊഴിലിലേക്ക് ഊറിയിറങ്ങേണ്ട ക്രിസ്തീയ ആത്മീയതയെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. കുടുംബത്തെ സംരക്ഷിച്ചുകൊണ്ട് തൊഴിൽ ചെയ്യുന്നതിന് ഒരു പ്രത്യേക അന്തസ്സ് ഉണ്ടെന്നും രേഖകൾ കൂട്ടി ചേർക്കുന്നു. ❖

## Bank Details

Account Number : 0435053000013825

Account Name

**Marian Voice Ponganamkad**

IFSC : SIBL0000435

Bank : South Indian Bank

Branch : Cheroor

*Marian Voice Financial Transactions can be done using this QR code*



# ഇത് മെയ് മാസം. പരിശുദ്ധ അമ്മയുടെ വണക്കത്തിനായി പ്രത്യേകം തിരുസഭ മാറ്റിവച്ചിരിക്കുന്ന മാസം – വണക്കമാസം

സഭയിൽ പ്രത്യേകിച്ച് കേരള കത്തോലിക്കരുടെ ഇടയിൽ പണ്ടുമുതൽക്കേ പ്രചാരത്തിലിരുന്നതാണ് മെയ്മാസ ഭക്തി. പുതുമഴയിൽ പൂക്കുന്ന ചെടികളിൽ നിന്നും സുഗന്ധം പരത്തുന്ന പൂക്കൾ പറിച്ച് മാതാവിന്റെ ചിത്രം അലങ്കരിച്ച് തിരികൾ കത്തിച്ചുവെച്ച് കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥനയ്ക്ക് ഒത്തുകൂടുന്നു. പതിവുള്ള പ്രാർത്ഥനകൾക്കു ശേഷം വണക്കമാസ വായനയും, ജപവും സുകൃത ജപവും ചൊല്ലി മാദ്ധ്യസ്ഥവും അപേക്ഷിക്കുന്നത് മെയ്മാസത്തിന്റെ പ്രത്യേകതയാണ്. പ്രാർത്ഥനയുടെ അവസാനം എല്ലാവരുമൊത്ത് ചേർന്ന് പാടുന്ന നല്ല മാതാവേ, മറിയേ, നിർമ്മല യൗസേപ്പിതാവേ, എന്നു തുടങ്ങുന്ന ഗാനം ഇന്നും മനസ്സിൽ പച്ചപിടിച്ച് നിൽക്കുന്നു. മെയ് മാസം മുഴുവനായും പരി. അമ്മയുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളെകുറിച്ച് ഓരോ ദിവസവും നാം ധ്യാനിക്കുകയാണ്.

മാസത്തിന്റെ അവസാന ദിവസം അയൽവാസികളും ബന്ധുക്കളും ഒത്തുചേർന്ന് വണക്കമാസം കൂടുന്നു. അന്നേദിവസം പടക്കം പൊട്ടിക്കലും സ്നേഹവിരുന്നുമൊക്കെയായി എല്ലാവരും സന്തോഷത്തിൽ ആറാടുന്നു. സ്നേഹവിരുന്ന് ഇന്നത്തെപോലെ ചിക്കൻ ബിരിയാണിയോ, ചില്ലി ചിക്കനോ, പൊറോട്ടയോ, ചപ്പാത്തിയോ ഒന്നുമല്ല. വിഭവങ്ങൾ വീട്ടിൽ വിളയുന്നതു തന്നെ. ചക്കപ്പഴം, വാഴപ്പഴം, പാച്ചോറ് മുതലായവയാണ് വിളമ്പുന്നത്.

'അമ്മ' എന്ന നാമം കേൾക്കുമ്പോൾ ഇമ്പമുള്ളതും ഏവർക്കും വിളിക്കാൻ ഇഷ്ടമുള്ളതുമാണ്. അമ്മ എന്ന പവിത്ര നാമം വഹിക്കുന്നവളാണ് പരി. കന്യകാമറിയം. ഈ നാമത്തിന് അവളെ അർഹമാക്കിയത് ലോക

ത്തിൽ ഏതൊരു സ്ത്രീയും അനുഭവിച്ചതിലേറെ ആത്മനൊമ്പരങ്ങൾ ഹൃദയത്തിൽ ഏറ്റുവാങ്ങി കൊണ്ടാണ് മാതാവ് എപ്പോൾ ഈശോയുടെ അമ്മയാകാൻ തിരുമനസ്സായോ അപ്പോൾ മുതൽ നമ്മുടെയും അമ്മയാണെന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല. (ലൂക്ക 1:38 എന്ന ചിന്ത മറിയത്തിന്റെ ജീവിതത്തിന്റെ ആകെ തുകയായിരുന്നു.

പരി. അമ്മ നമ്മെ പഠിപ്പിക്കുന്നത് അപരന്റെ വിലയറിഞ്ഞു ജീവിക്കുക, സർവ്വോപരി വിലപ്പെട്ടവനായ യേശു അമ്മയോടൊപ്പം എന്നപോലെ നമ്മുടെ കൂടെയും ഉണ്ട് എന്ന് തിരിച്ചറിഞ്ഞ് വിലയുള്ള ജീവിതം നയിക്കുക എന്നതാണ്. അമ്മയെ നമ്മുടെ ജീവിത മാതൃകയാക്കാം. കാനായിലെ കല്ല്യാണ വീട്ടിൽ വീഞ്ഞിന്റെ കുറവ് പരിഹരിക്കപ്പെട്ടത് അവർ യേശുവിനേയും അമ്മയേയും വിരുന്നിന് ക്ഷണിച്ചതുകൊണ്ടാണ്. നമ്മുടെ വീട്ടിലേക്കും നമുക്ക് അമ്മയേയും യേശുവിനെയും ക്ഷണിക്കാം. നമ്മുടെ കുറവുകളും പരിഹരിച്ചു തരും.

മെയ്മാസം ആരംഭിച്ചത് നീതിമാനായ യൗസേപ്പിതാവിന്റെ സ്മരണയോടും അവസാനിക്കുന്നത് നന്മ നിറഞ്ഞ പരി. മറിയത്തിന്റെ വണക്കമാസ തിരുനാളിനോടും കൂടിയാണ്. അവരുടെ ജീവിത മാതൃക നല്ല ജീവിതം നയിക്കുവാനുള്ള പ്രചോദനം നമുക്ക് നൽകട്ടെ. ബന്ധങ്ങൾക്ക് തീരെ വില കൽപ്പിക്കാത്ത ഇന്നത്തെ കാലത്ത് സ്വന്തം അമ്മയെ ഓർക്കാനെങ്കിലും പരി. അമ്മയോടുള്ള മാദ്ധ്യസ്ഥം നമുക്ക് മാതൃകയാക്കാം. പരി. അമ്മയോടുള്ള ഭക്തിയിൽ നമുക്ക് വളരാം. അമ്മ നൽകുന്ന പാഠങ്ങൾ നമുക്ക് ഉൾക്കൊള്ളാം. അമ്മയുടെ പാതകളെ നമുക്ക് അനുഗമിക്കാം.

❖❖❖

## കുട്ടിവര



**Annvinoy**
**Std. 7**



**Annvia Bilton**
**Std. 4**



**Helna Happy**
**Std. 7**

# സംഘടനാ വാർത്തകൾ


## മലയാറ്റൂർ തീർത്ഥയാത്ര



കെ. സി. വൈ. എം. സംഘടനയുടെ നേതൃത്വത്തിൽ ഓശാന ഞായറാഴ്ച മലയാറ്റൂർ തീർത്ഥയാത്ര സംഘടിപ്പിച്ചു. ഡീക്കൻ ക്രിസ്റ്റോ തേയ്ക്കാനത്തിന്റെയും, സെന്റ് എലിസബത്ത് കോൺവെന്റിലെ സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ കുരിശ്ശിന്റെ വഴി ചൊല്ലി ഭക്തിനിർഭരമായി തീർത്ഥയാത്ര പൂർത്തിയാക്കുവാൻ സാധിച്ചു. 90-ഓളം ആളുകൾ ഈ തീർത്ഥയാത്രയിൽ സംബന്ധിച്ചു.

## വലിയ ആഴ്ച

❖ദുഃഖവെള്ളിയാഴ്ച പീഢാനുഭവ ചരിത്രവായന കെ.സി.വൈ.എം. സംഘടന അംഗങ്ങൾ നേതൃത്വം നല്കി.




❖ദുഃഖവെള്ളിയാഴ്ചയിലെ പരിഹാര പ്രദക്ഷിണത്തിനോടനുബന്ധിച്ച് പള്ളിയുടെ മുൻവശത്തായി കെ.സി.വൈ.എം. സംഘടന അംഗങ്ങൾ ടാബ്ലോ (പിയാത്ത) ഒരുക്കി.

❖പരിഹാരപ്രദക്ഷിണ സമാപനത്തിനു ശേഷം മിശിഹായുടെ രൂപം അടക്കം ശുശ്രൂഷകൾക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി.

❖ഈസ്റ്റർ - ഈസ്റ്ററിനോടനുബന്ധിച്ച് ഉയിർപ്പിന്റെ ആവിഷ്ക്കാരം കെ.സി.വൈ.എം. അംഗങ്ങൾ നടത്തി.

## സമർപ്പിതരിലൂടെ...

# Jesus loves you



**സി. ഹെൽന ജോൺസൻ**
**FSSE**

**"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു" (ജെറ 1:5)**

എന്റെ പേര് സി. ഹെൽന ജോൺസൻ വളപ്പില ജോൺസൻ - ലിജി ദമ്പതികളുടെ മൂത്ത മകൾ. ഒരു സാധാരണ കുടുംബത്തിൽ ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും വളർന്നു വരുവാൻ നല്ല ദൈവം എന്നെ അനുവദിച്ചു. ഓർമ്മ വച്ച നാൾ മുതൽ മനസ്സിലുണ്ടായിരുന്ന ആഗ്രഹമായിരുന്നു ഒരു സിസ്റ്ററാകണം എന്നത്. ഈ ആഗ്രഹം എങ്ങനെ എന്റെ മനസ്സിൽ രൂപപ്പെട്ടുവെന്നോ ഈ ജീവിതത്തിന്റെ അർത്ഥമെന്തെന്നോ അറിയാത്തപ്പോഴും ഒരു സിസ്റ്ററാകണം എന്നു തന്നെയായിരുന്നു എന്റെ ആഗ്രഹം.

+2 പഠനത്തിനുശേഷം കുട്ടിക്കാലത്തെ ആഗ്രഹത്തെ പിഞ്ചെല്ലണമോ, അതോ ഉപരിപഠനത്തിനു പോകണമോ എന്ന ഒരു തീരുമാനമെടുക്കേണ്ട ഘട്ടം വന്നു. ജീവിതത്തിൽ എനിക്കു വേണ്ടതെല്ലാം നൽകി ഒരു കുറവും അനുഭവപ്പെടാതെ തന്റെ ഉള്ളംകൈയ്യിൽ എന്നെ കൊണ്ട് നടന്ന് സ്നേഹിക്കുന്ന ഈശോയുടെ കൂടെയായിരിക്കണമോ, അതോ ഈ ലോകം വച്ചു നീട്ടുന്നവയുടെ പുറകെ പോകണമോ ? അവസാനം ആദ്യത്തേതു തിരഞ്ഞെടുക്കുവാൻ ഞാൻ തീരുമാനിച്ചു. ആ തീരുമാനമെടുത്ത് എന്നെ ഈശോയ്ക്ക് സമർപ്പിച്ചതിൽ പിന്നെ എന്റെ ജീവിതത്തെപ്പറ്റി എനിക്ക് ചിന്തിക്കേണ്ടി വന്നിട്ടില്ല. യഥാസമയം ദൈവപരിപാലന എന്നെ ഇറ്റലിയിലെ കസോറിയായിലെ വി. ലുദുവികോയാൽ സ്ഥാപിതമായ ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് എലിസബത്ത് സന്യാസിനി സമൂഹത്തിലേയ്ക്ക് നയിക്കുകയും ഏക മകളെ ദൈവത്തിനായി വിട്ടുകൊടുക്കുവാൻ മാതാപിതാക്കളെയും സഹോദരനെയും ഒരുക്കുകയും ചെയ്തു.

ഈശോയുടെ അനുഗ്രഹാശിസുകളാൽ 2018 മെയ് 14നു മണ്ണുത്തി നൊവിഷ്യേറ്റ് ഹൗസിൽ വച്ച് ആദ്യവ്രതവാഗ്ദാനം സ്വീകരിച്ച് നിറഞ്ഞ സംതൃപ്തിയോടും സന്തോഷത്തോടും കൂടെ ഞാനെന്റെ സന്യാസസമൂ



ഹത്തിലായിരിക്കുകയും ചെയ്യുന്നു. ഈശോയുടെ കൂടെയായിരിക്കുവാനും അവിടുത്തെ ജനത്തിനു ശുശ്രൂഷ ചെയ്യുവാനുമുള്ള ഈ ദൗത്യ-സമർപ്പണജീവിതത്തിൽ അവിടുത്തെ കരംപിടിച്ച് ഇനിയും മുന്നോട്ടു പോകുവാനും, ഇനിയും ധാരാളം മക്കൾ ഈ ജീവിതാന്തസ്സിലേക്കു കടന്നുവരുവാൻ നല്ല ദൈവം അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

## രക്തദാന ക്യാമ്പ്

**മെയ് 14 ഞായർ രാവിലെ 9 മണി മുതൽ**

**പൊങ്ങണംകാട് സെന്റ് മേരീസ് ദേവാലയത്തിൽ**

**"രക്തദാനം മഹാദാനം" രക്തം ഹൃദയത്തിൽ നിന്നൊരു സമ്മാനം.**

ഒരു വ്യക്തിക്ക് മറ്റൊരാൾക്ക് നൽകാവുന്ന ഏറ്റവും വിലപ്പെട്ട സമ്മാനമാണ് രക്തം. ഒരു ജീവനെ പിടിച്ചു നിർത്താനുള്ള അപൂർവ്വ ഭാഗ്യമാണ് രക്തദാനത്തിലൂടെ കൈവരുന്നത്. ഇടവകയിലെ കെ.സി.വൈ.എം. സംഘടനയുടെയും ഐ.എം.എ.യുടെയും നേതൃത്വത്തിൽ മെയ് 14-ാം തിയ്യതി രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു. സാധിക്കുന്ന ഏവരും ഈ ക്യാമ്പിൽ പങ്കെടുത്തുകൊണ്ട് മറ്റൊരു ജീവൻ രക്ഷിക്കുവാൻ പരിശ്രമിക്കൂ.

**ഫോൺ : 8089818797**

**7025384544**

## വേളാങ്കണ്ണി തീർത്ഥയാത്ര

സി.എൽ.സി. സംഘടനയുടെ നേതൃത്വത്തിൽ 2023 മെയ് 20-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 7 മണിക്ക് പള്ളിയിൽ നിന്നും പുറപ്പെട്ട് മെയ് 22-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 6 മണിക്ക് പള്ളിയിൽ തിരിച്ചെത്തുന്നു. താമസം, 3 നേരം ഭക്ഷണം ഉൾപ്പെടെ 1900 രൂപ. എ.സി. എയർ ബസ്സ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**8606069621, 6282146652, 7012712133, 9567690264**



# കൊച്ചുവർത്തമാനം

യേശുവിൽ പ്രിയ കൂട്ടുകാരേ,

ക്രൈസ്തവദർശനങ്ങളിൽ ഏറ്റവും മിഴിവാർന്നു നിൽക്കുന്ന അമ്മ ചിത്രങ്ങളിൽ പ്രധാനപ്പെട്ടത് ക്രിസ്തുവിന്റെ അമ്മയായ പരിശുദ്ധ കന്യ കാമറിയത്തിന്റേതാണ്. അവൾ ലോകത്തിന്റെ മുഴുവൻ അമ്മയാണ് ലോക രക്ഷകനായ ഈശോയെ നമുക്ക് തന്ന വ്യക്തി എന്ന നിലയ്ക്കാണ് പരി. അമ്മ ഏറെ പ്രിയങ്കരിയായത്. ബെനഡിക്റ്റ് 16-മൻ മാർപാപ്പ "പ്രത്യാശ യിൽ രക്ഷ" എന്ന തന്റെ ചാക്രികലേഖനത്തിൽ ഇപ്രകാരം കുറിക്കുന്നു. 'ചരിത്രത്തിന്റെ എല്ലാ നിഴലുകൾക്കും മുന്നിൽ ഉയർന്നു നിൽക്കുന്ന സൂര്യ നാണ് ക്രിസ്തു. എന്നാൽ അവിടത്തെ സമീപത്തെത്താൻ വഴി തെളിക്കുന്ന നക്ഷത്രവിളക്കുകൾ മറ്റേതുണ്ട് ? ദൈവഹിതം നിറവേറ്റാൻ ജീവിതം മാറ്റി വച്ചവളാണ് പരി. അമ്മ. ദൈവതിരുമനസ്സ് ജീവിതത്തിൽ നിറവേറ്റുന്നതി നുവേണ്ടി എന്ത് ത്യാഗം സഹിക്കാനും പരി. അമ്മ തയ്യാറായിരുന്നു. ആ അമ്മയുടെ ജീവിതം നമ്മോടും പറയുന്നതിതാണ്. "അവിടത്തെ ഹിതം നിറവേറ്റുക" മെയ് മാസം പരി. അമ്മയുടെ വണക്കമാസമാണ്. ലോകരക്ഷ കനായ ഈശോയെ ഉദരത്തിൽ ധരിക്കുവാൻ ഭാഗ്യം ലഭിച്ച അത്യുന്നത നായ അമ്മയുടെ വണക്കത്തിനായി പ്രത്യേക ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ച് മെയ് മാസം നാം ധന്യമാക്കുകയാണ്... ഈ മാസത്തിന്റെ അവസാനദി വസം കുടുംബകൂട്ടായ്മകളുടെയും, പങ്കുവയ്ക്കലിന്റെയും ഉത്സമാക്കിയി രുന്ന ഒരു കാലത്തെകുറിച്ച് മുതിർന്ന തലമുറയ്ക്ക് ഏറെ പറയുവാനുണ്ട്. മിക്കവാറും അന്യംനിന്നുപോയ അർത്ഥവത്തായ ഈ ആഘോഷപരിപാടി കൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് പുതിയ തലമുറ മറന്നുകൂടാ. എന്നും എപ്പോഴും നമുക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന പരി. അമ്മയുടെ അനു ഗ്രഹവർഷത്താൽ നാമും നമ്മുടെ കുടുംബങ്ങളും ഇടവകയും സഭയും നന്മകളാൽ സമൃദ്ധമാകട്ടെയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. മെയ് 1-ാം തിയ്യതി തൊഴിലാളി ദിനമായി ആചരിക്കുന്നു. എല്ലാ തൊഴിലാ ളികൾക്കും ആശംസകൾ നേരുന്നതിനോടൊപ്പം തൊഴിലിനോടുള്ള പ്രതി ബദ്ധത കാത്തുസൂക്ഷിക്കാൻ അനുഗ്രഹം നൽകണമെയെന്ന് തൊഴിലാളി കളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യാം...

ഏറെ സ്നേഹത്തോടെ

ഈശോയിൽ സി. ലിജി പോൾ FSSE





# ഇടവക വാർത്തകൾ

## പാലയൂർ മഹാതീർത്ഥാടനം



26-ാം പാലയൂർ മഹാതീർത്ഥാടനം ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ രാവിലെ 4 മണിയ്ക്ക് വി. കുർബാനയ്ക്ക് ശേഷം ഫ്ളാഗ് ഓഫ് ചെയ്തു. മാർച്ച് 26 ഞായറാഴ്ച രണ്ട് ഘട്ടങ്ങളായി ഒരുക്കിയ തീർത്ഥാടനത്തിൽ ഇടവകയിലെ വിശ്വാസികൾ പങ്കെടുത്തു. ആദ്യഘട്ടം രാവിലെ 11 മണിയ്ക്കും, രണ്ടാം ഘട്ടം 4 മണിയ്ക്കും പാലയൂരിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയംപുരക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പദവി അലങ്കരിക്കുകയും, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതം ആശംസിയ്ക്കുകയും ചെയ്തു. മാർ ജേക്കബ്ബ് തൂങ്കുഴി അനുഗ്രഹപ്രഭാഷണം നടത്തി.

## ഗാഗുൽത്താ നോമ്പുകാല കൺവെൻഷൻ



പൊങ്ങണംകാട് സെന്റ് മേരീസ് ദേവാലയത്തിൽ നോമ്പുകാല കൺവെൻഷൻ മാർച്ച് 23, 24, 25, 26 തിയ്യതികളിൽ വൈകീട്ട് 5 മുതൽ രാത്രി 9 വരെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യ

ത്തിൽ ബഹു. റവ. ഫാ. ബെന്നി പീറ്റർ വെട്ടിക്കനാംകുടിയുടെ നേതൃത്വ ത്തിൽ നടന്നു.

കൺവെൻഷൻ ഇടവക വികാരി റവ. ഫാ. ജോബി ചുള്ളിക്കാടൻ സ്വാഗതം ചെയ്യുകയും, മുൻ വികാരി റവ. ഫാ. തോമസ് ചൂണ്ടൽ ഉദ്ഘാ ടനം നിർവ്വഹിക്കുകയും ചെയ്തു.

ധ്യാനത്തോടനുബന്ധിച്ച് മാർച്ച് 25ന് കുമ്പസാരവും കൗൺസലിംഗും നടന്നു. ധ്യാനത്തിനുശേഷം വില്ലടം ഭാഗത്തേയ്ക്കും മാറ്റാംപുറം, പൂളാ ക്കൽ, താണിക്കുടം ഭാഗത്തേയ്ക്കും 2 വാഹനങ്ങൾ പള്ളിയിൽ നിന്നും നടക്കാൻ ബുദ്ധിമുട്ടുള്ളവർക്കായി ഒരുക്കിയിരുന്നു.

## പുതിയ ഡീക്കൻ

ഇടവകയിൽ പുതിയ ഡീക്കൻ ക്രിസ്റ്റോ തേയ്ക്കാനത്ത് ഏപ്രിൽ 1ന് ചാർജ്ജെടുത്തു. ഏപ്രിൽ 2 ഞായറാഴ്ച കുർബാന മദ്ധ്യേ സ്വയം പരിചയ പ്പെടുത്തുകയും സന്ദേശം നൽകുകയും ചെയ്തു. മാർച്ച് 30 വ്യാഴാഴ്ച ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ചു.

## ഓശാന ഞായർ



ഓശാന ഞായറാഴ്ച രാവിലെ 6.15ന് സെന്റ് എലിസബത്ത് കോൺവെന്റിൽ നിന്നും തിരു കർമ്മങ്ങൾ ആരംഭിച്ചു. കുരു ത്തോല വിതരണത്തിനുശേഷം പള്ളിയിലേക്ക് പ്രദക്ഷിണമായി വന്ന് ഓശാന മുട്ടിനു ശേഷം വി. കുർബാന ആരംഭിച്ചു. വികാരി ഫാ. ജോബി ചുള്ളിക്കാടൻ തിരു കർമ്മങ്ങൾക്ക് കാർമ്മികത്വം വഹി ച്ചു. ഏവർക്കും വികാരിയച്ചൻ ഓശാന തിരുനാൾ ആശംസകൾ നേർന്നു.

വൈകീട്ട് 7 മണിയ്ക്ക് കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥയാത്ര സംഘടിപ്പിച്ചു.

## അരി വിതരണം

പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി ഇടവകയിൽ ലഭിച്ച 2 ചാക്ക് അരി സാമ്പത്തികമായി ബുദ്ധിമുട്ടുള്ള വർക്ക് ഏപ്രിൽ 2 മുതൽ വിതരണം ചെയ്തു.



## പെസഹാ വ്യാഴം

പെസഹാ വ്യാഴം തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. ജോബി ചുള്ളിക്കാടൻ കാൽകഴുകൽ ശുശ്രൂഷ കർമ്മം നടത്തി. ഡീക്കൻ ക്രിസ്റ്റോ തേയ്ക്കാനത്ത് സന്ദേശം പങ്കുവെച്ചു. വി. കുർബാനയ്ക്കുശേഷം ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊണ്ടുള്ള ആരാധന നടന്നു. രാവിലെ 9 മുതൽ വൈകീട്ട് 7 വരെ യൂണിറ്റ് സംഘടന അടിസ്ഥാനത്തിൽ ആരാധന നടന്നു. വൈകീട്ട് 7 മണിയ്ക്ക് നടന്ന പൊതുആരാധനയ്ക്കുശേഷം വികാരിയച്ചൻ പെസഹാ അപ്പം മുറിയ്ക്കൽ ശുശ്രൂഷ കർമ്മം നടത്തി. പെസഹാ അപ്പം വീടുകളിൽ നിന്നും കൊണ്ടുവന്നും, പാൽ മാതൃവേദി അംഗങ്ങൾ പള്ളിയിൽ തയ്യാറാകുകയും ചെയ്തു. പെസഹാ കവർ സമർപ്പണം പള്ളിയകത്ത് വെച്ചിട്ടുള്ള ബോക്സിൽ നിക്ഷേപിച്ചു.





പെസഹാ വ്യാഴാഴ്ച കുർബാനയ്ക്ക് ശേഷം മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് ഇടവകയെ പ്രതിനിധീകരിച്ച് നടത്തുകൈക്കാരൻ ശ്രീ. ബാബു മഠത്തിപറമ്പിൽ മെമ്മന്റോ നൽകി ആദരിച്ചു.

## ദുഃഖവെള്ളി

ദുഃഖവെള്ളിയാഴ്ച രാവിലെ 6.30ന് വികാരി ഫാ. ജോബി ചുള്ളിക്കാ

ടന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുകർമ്മങ്ങൾ ആരംഭിച്ചു. പീഡാനുഭവ ചരിത്ര വായന, രൂപം ചായ്ക്കൽ, രൂപം തൊട്ടുവണങ്ങൽ, ദിവ്യകാരുണ്യ പ്രദക്ഷിണം തുടങ്ങിയ തിരുകർമ്മങ്ങൾ നടന്നു. ശേഷം ജീസസ് യൂത്ത് സംഘടനാംഗങ്ങൾ പുത്തൻപാന ആലാപനം നടത്തി. വൈകീട്ട് 4.30ന് പരിഹാര പ്രദക്ഷിണം പള്ളിയിൽ നിന്ന് ആരംഭിച്ച് താണിക്കുടം, വില്ലടം ഭാഗത്തേയ്ക്ക് പോയി പള്ളിയിൽ അവസാനിച്ചു. ധാരാളം ആളുകൾ പരിഹാര പ്രദക്ഷിണത്തിൽ പങ്കെടുത്തു. സി. എൽ. സി. സംഘടന അംഗങ്ങൾ മനോഹരമായി അലങ്കരിച്ച നഗരി കാണിയ്ക്കൽ വാഹനം പ്രദക്ഷിണത്തിനൊപ്പമുണ്ടായിരുന്നു. മാറ്റാംപുറം പെട്രോൾ പമ്പിനു മുമ്പിലും പള്ളിയിലും ദാഹമകറ്റാനുള്ള മോരും വെള്ളം സജ്ജീകരിച്ചിരുന്നു. കേന്ദ്രസമിതി, കെ. എൽ.എം. സംഘടന, സെ. ഫ്രാൻസിസ് യൂണിറ്റ് എന്നിവർ ഇതിൽ സഹകരിച്ചു. കുരിശ്ശിന്റെ വഴി 14 സ്ഥലങ്ങൾ പിണ്ടി കുത്തി കുരിശ്, ഫ്ളെക്സ് എന്നിവ സ്ഥാപിക്കാൻ അതാത് ഭാഗത്തെ യൂണിറ്റ് ഭാരവാഹികൾ സഹകരിച്ചു. കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ ഒരുക്കിയ പിയാത്ത നിശ്ചലദൃശ്യം പള്ളിയിൽ ഒരുക്കിയത് വളരെ മനോഹരമായിരുന്നു. സമാപന സന്ദേശത്തിനുശേഷം അടക്കൽ ശുശ്രൂഷ മനോഹരമായി കെ.സി.വൈ. എം. അംഗങ്ങൾ ദൃശ്യവൽക്കരിച്ചു.



## ദുഃഖശനി

ദുഃഖശനിയാഴ്ച രാവിലെ 6.30 നുള്ള വി. കുർബാനയ്ക്ക് വികാരി ഫാ. ജോബി ചുള്ളിക്കാടൻ മുഖ്യകാർമ്മികത്വം വഹിച്ചു. വെള്ളം വെഞ്ചിരിപ്പ്, ജ്ഞാനസ്നാന വ്രതനവീകരണം, വാഹന ആശീർവ്വാദം തുടങ്ങിയ തിരുകർമ്മങ്ങൾ നടന്നു.

## ഈസ്റ്റർ

ഏപ്രിൽ 8 ശനി വൈകീട്ട് 11.30ന് ഈസ്റ്റർ തിരുകർമ്മങ്ങൾ ആരംഭിച്ചു. കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ ഒരുക്കിയ ഉയിർപ്പ് ദൃശ്യാവിഷ്കാരം വളരെ നന്നായിരുന്നു. ശേഷം പള്ളി ചുറ്റി പ്രദക്ഷിണം നടന്നു. വി. കുർബാനയ്ക്ക് ശേഷം ഈസ്റ്റർ എഗ്ഗ് വിതരണം ചെയ്തു. ഇടവക അംഗങ്ങൾക്ക് വികാരിയച്ചൻ ഈസ്റ്റർ ആശംസകൾ നേർന്നു.



**മാർ ജേക്കബ്ബ് തൂങ്കുഴി**
**ആർച്ച് ബിഷപ്പ് എമിരറ്റസ്**

സ്നേഹമുള്ള ജോബിയച്ചനും ഇടവകക്കാർക്കും,

പെസഹാ വ്യാഴാഴ്ചത്തെ തിരുകർമ്മങ്ങൾക്ക് എന്നെ ക്ഷണിച്ച് സ്വീകരിച്ചതിന് ഒത്തിരി നന്ദി പറയുന്നു. പരിപാടികളെല്ലാം ഒത്തിരി ഇഷ്ടപ്പെട്ടു, ഈ സൗകര്യങ്ങളെല്ലാം സംഘടിപ്പിച്ച് എനിക്ക് സന്തോഷമേകിയവന് ഞാൻ നന്ദി പറയുന്നു. നിങ്ങൾക്ക് പാരിതോഷികം നൽകുന്നതിന് പകരം എനിക്ക് വലിയ സംഭാവന നൽകി. നല്ല ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. തന്ന തുക പാവപ്പെട്ടവർക്കായി ചിലവഴിക്കാൻ അത് എന്റെ "യേശു സന്നിധിയിൽ" ചേർത്ത് പ്രാർത്ഥിക്കണം.

യേശുവിൽ,

+ J. Thoomkuzhy

മാർ ജേക്കബ്ബ് തൂങ്കുഴി



# ബൈബിൾ ക്വിസ്

മെയ്

## എസേസോസ് : 1–6

1. കൽപനകളുടേയും ചട്ടങ്ങളുടേയും ആധിപത്യം ക്രിസ്തു ഇല്ലാതാക്കിയത് എങ്ങനെയാണ് ?
2. ആർക്കുവേണ്ടിയാണ് പൗലോസ് തടവുകാരനായിരിക്കുന്നത് ?
3. നമുക്കോരോരുത്തർക്കും ക്രിസ്തുവിന്റെ ദാനത്തിനനുസൃതമായി നൽകപ്പെട്ടിരിക്കുന്നത് എന്താണ് ?
4. ഹൃദയകാഠിന്യം നിമിത്തം അജ്ഞത ബാധിച്ചതാർക്കാണ് ?
5. ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ എന്തു ചെയ്യണമെന്നാണ് പൗലോസ് ശ്ലീഹ പറയുന്നത് ?
6. എല്ലാവരും വ്യാജം വെടിഞ്ഞ് ചെയ്യേണ്ടത് എന്താണ് ?
7. മ്ലേച്ഛതക്കും, വ്യർത്ഥഭാഷണത്തിനും ചാപല്യത്തിനും പകരം ഉണ്ടാകേണ്ടത് എന്താണ് ?
8. ദുരാസക്തി ഉള്ളത് എന്തിലാണ് ?
9. കർത്താവിനെ പ്രകീർത്തിക്കേണ്ടത് എങ്ങിനെയാണ് ?
10. ദുഷ്ടന്റെ കൂരമ്പുകളെ കെടുത്തുന്നതിന് എന്താണ് എടുക്കേണ്ടത് ?


**മരിയൻ വോയ്സ് – പരസ്യനിരക്കുകൾ**

| | | | |
|---|---|---|---|
| Front Inner Page | 2500/- | Half Page (Colour) | 1000/- |
| Back Inner Page | 2000/- | Full Page (B/w) | 1000/- |
| Back Outer Page | 2750/- | Half Page (B/w) | 600/- |
| Full Page (Colour) | 1750/- | Quarter Page (B/w) | 400/- |




# ബൈബിൾ ക്വിസ് ഏപ്രിൽ – 2023 വിജയികൾ


| | | |
|---|---|---|
| 1. ഷീജ റെജി | സെ. ലൂക്ക് | യൂണിറ്റ് |
| 2. എൽസി പീറ്റർ | സെ. റീത്ത | ” |
| 3. റോസ്മി ആൽസിൽ | സെ. സേവ്യർ | ” |
| 4. അലക്സ് ടി. എസ്. | സെ. ക്ലാര | ” |
| 5. ഷാജി ടി. എ. | ” | ” |
| 6. ഷൈല ഫ്രാൻസിസ് | സെ. റാഫേൽ | ” |
| 7. ജോസ് ചിറ്റിലപ്പിള്ളി | സെ. സെബാസ്റ്റ്യൻ | ” |
| 8. ജോൺസൺ വാറോക്കി | സെ. അൽഫോൻസ | ” |
| 9. ജോയ്സി പോൾ | സെ. ക്ലാര | ” |
| 10. ജിയോർജിയോ ജോഷി | സെ. സെബാസ്റ്റ്യൻ | |
| 11. മേരി എം. ജെ. | സെ. ക്ലാര | ” |
| 12. പുഷ്പം വർഗ്ഗീസ് | സെ. അഗസ്റ്റിൻ | ” |
| 13. ലില്ലി ജോൺസൺ | സെ. അൽഫോൻസ | ” |
| 14. പുഷ്പ ബാബു | സെ. അഗസ്റ്റിൻ | ” |
| 15. ബാബു ചുമ്മാർ | ” | ” |
| 16. പോൾ എം. ജെ. | സെ. ക്ലാര | ” |
| 17. എയ്ഡൻ പ്രശാന്ത് | സെ. അൽഫോൻസ | ” |
| 18. വിമല ജോണി | സെ. പീറ്റർ | ” |
| 19. ജോസ് വർഗ്ഗീസ് | സെ. സേവ്യർ | ” |
| 20. ജെർഷോം ജോഷി | സെ. സെബാസ്റ്റ്യൻ | ” |
| 21. ഫോൻസ പി. അനോജ് | സെ. ഫ്രാൻസീസ് | ” |
| 22. ലിൻസി ജോസ് | സെ. സേവ്യർ | ” |
| 23. മോളി അലക്സ് | ” | ” |
| 24. ഫിലോമിന ഫ്രാൻസിസ് | സെ. ലൂക്ക് | ” |
| 25. പി. എം. അലക്സാണ്ടർ | സെ. സേവ്യർ | ” |
| 26. എൽസി ജോസ് | സെ. മാത്യൂസ് | ” |



# ബൈബിൾ കലണ്ടർ



## മെയ് 2023

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1** കൊളോ 3/14-17 മത്താ 13/53-58 | **2** 1 തിമോ 6/17-21 മത്താ 19/23-30 | **3** ഹെബ്രാ 7/1-10 യോഹ 5/30-38 | **4** 2 പത്രോ 2/1-3 മത്താ 15/1-9 | **5** എഫേ 5/13-21 മാർക്കോ 6/35-44 | **6** 1 കോറി 14/20-25 മാർക്കോ 6/1-6 |
| **7** ഹെബ്രാ 10/19-25 യോഹ 21:1-14 | **8** 1പത്രോ 4/12-19 ലൂക്ക 11/29-32 | **9** യാക്കോ 1/22-27 മത്താ 21/18-22 | **10** കൊളോ 3/5-11 യോഹ 3/1-8 | **11** ഹെബ്രാ 3/5-11 യോഹ 5/24-29 | **12** 1 കോറി 2/1-5 മത്താ 15/10-20 | **13** ഹെബ്രാ 7/11-17 യോഹ 15/26-6/4 |
| **14** എഫേ 2/11-22 യോഹ 17/20-26 | **15** 1പത്രോ 2/1-5 മത്താ 23/23-28 | **16** 2 പത്രോ 3/10-13 മാർക്കോ 13/32-37 | **17** എഫേ 5/1-5 യോഹ 15/11-17 | **18** 1 തിമോ 2/1-7 ലൂക്കാ 24/44-53 | **19** ഫിലി 3/12-15 യോഹ 3/7-12 | **20** 1കോറി 7/32-35 മത്താ 3/7-12 |
| **21** ഫിലി 2/1-11 മാർക്കോ 16/14-20 | **22** 2 തെസ 2/13-17 യോഹ 4/3-15 | **23** 1 കോറി 8/8-13 ലൂക്ക 12/13-21 | **24** 1 യോഹ 4/12-21 യോഹ 17/1-5 | **25** 1 യോഹ 1/1-3 ലൂക്ക 14/25-35 | **26** 1 യോഹ 2/22-25 മത്താ 24/7-14 | **27** 1 കോറി 9/13-18 മത്താ 18/23-35 |
| **28** 1കോറി 12/1-11 യോഹ 16/5-15 | **29** 1 കോറി 14/26-33 മത്താ 11/25-30 | **30** 2 തെസ 1/3-12 മത്താ 20/29-34 | **31** റോമ 12/9-16 ലൂക്ക 1/39-45 |  | | |

### പഴയനിയമ വായനകൾ

| | | |
|---|---|---|
| 7 | ഏശ 49/7-13 | ശ്ലീഹ 9/1-9 |
| 14 | ശ്ലീഹ 10/9-16 | ശ്ലീഹ 10/9-16 |
| 21 | ഏശ 6/1-13 | ശ്ലീഹ 1/15-26 |
| 28 | പുറ 19/1-9 | ശ്ലീഹ 2/1-13 |

